പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.566 | 9.07.2012 ലെ മറുപടിയ്ക്ക്

## റേഷൻ ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.വർക്കല കഹാർ | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, പൊതുവിതരണവും, ഉപഭോക്തൃ സംരക്ഷണവും, രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കാൻ ക്വാളിറ്റിസെല്ലിന്റെ സഹായത്തോടെ റേഷനിംഗ് ഇൻസ്പെക്ടർമാർക്ക് പരിശീലനം നൽകുന്നകാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | (എ) & (ബി) ക്വാളിറ്റി സെല്ലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഇതിനകം 90 ഓളം റേഷനിംഗ് ഇൻസ്പെക്ടർമാർക്ക് ശാസ്ത്രീയമായ സംഭരണം, **Godown Management, Quality Control, PFA standard, Joint sampling** എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്, കൂടുതൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് ആലോചിച്ച് വരുന്നു. ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ബാംഗ്ലൂരിലെ "ഫുഡ് ക്വാളിറ്റി റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടി" ന്റെയും ഡൽഹി, ഹൈദ്രബാദ് എന്നിവിടങ്ങളിലെ "ഫുഡ് ഗ്രെയ്ൻ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടി"ന്റെയും സഹായത്തോടെ എല്ലാ റേഷനിംഗ് ഇൻസ്പെക്ടർമാർക്കും, താലൂക്ക് സപ്ലൈ ഓഫീസർമാർക്കും, ജില്ലാ സപ്ലൈ ഓഫീസർമാർക്കും ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പാക്കൽ സംബന്ധിച്ച് പരിശീലനം നല്കാൻ ആലോചനയുണ്ട്.<br>കൂടാതെ ഹരിയാനയിലെ "ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് സെക്യൂരിറ്റി" യിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കുവാനുള്ള പദ്ധതിയും സർക്കാർ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ